പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 1

# 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ

(ശ്രീ. ആർ. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

578/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 1

# 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ

(ശ്രീ. ആർ. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്തെ ശുദ്ധജലസ്രോതസ്സുകൾ അനിയന്ത്രിതമായി മലിനീകരിക്കപ്പെടുകയും ജലജന്യ സാംക്രമിക രോഗങ്ങൾ പടരുകയും കുടിവെള്ളക്ഷാമം രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ശുദ്ധജല സ്രോതസ്സുകൾ യഥാവിധി സംരക്ഷിക്കുന്നതിനും ഓരോ പൗരനും നിത്യോപയോഗത്തിനാവശ്യമായ ശുദ്ധജല ലഭ്യത അവകാശമാക്കിത്തീർക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ ശുദ്ധജല സ്രോതസ്സുകൾ യഥാവിധി സംരക്ഷിച്ച്, ഓരോ പൗരനും നിത്യോപയോഗത്തിനാവശ്യമായ ശുദ്ധജല ലഭ്യത അവകാശമാക്കി തീർക്കേണ്ടത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ നിയമത്തിന് 2016-ലെ കേരള ശുദ്ധജലാവകാശ നിയമം എന്ന് പേര് പറയാം ;

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ് ;

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ശുദ്ധജല സ്രോതസ്സുകൾ" എന്നാൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന നദികൾ, പുഴകൾ, കായലുകൾ, തോടുകൾ, പൊതു-സ്വകാര്യ കുളങ്ങൾ ഉൾപ്പെടെയുള്ള ജലാശയങ്ങൾ, കിണറുകൾ, മറ്റ് ജല സംഭരണികൾ എന്നർത്ഥമാകുന്നു ;

(ബി) "സർക്കാർ" എന്നാൽ കേരള സംസ്ഥാന സർക്കാർ എന്നർത്ഥമാകുന്നു ;

(സി) "ശുദ്ധജല ലഭ്യത" എന്നാൽ ഓരോ കുടുംബത്തിനും ആവശ്യമായ ശുദ്ധജലത്തിന്റെ ലഭ്യത എന്നർത്ഥമാകുന്നു.

3. ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണം.—സംസ്ഥാനത്തെ ശുദ്ധജല സ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കി സംരക്ഷിക്കുന്ന ചുമതല അതതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ആയതിലേക്കായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു 'ശുദ്ധജല സംരക്ഷണ കർമ്മസേന' രൂപീകരിക്കേണ്ടതാണ്.

(എ) കർമ്മസേനയുടെ ഘടന.—(i) തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ കർമ്മസേനയുടെ അദ്ധ്യക്ഷനായിരിക്കുന്നതാണ് ;

(ii) തദ്ദേശഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കർമ്മസേനയിലെ അംഗങ്ങളായിരിക്കുന്നതാണ് ;

(iii) തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൃഷി ഓഫീസർ, ജലവിതരണ/ജലസേചന ചുമതലയുള്ള എഞ്ചിനീയർ എന്നിവർ അംഗങ്ങളായിരിക്കുന്നതാണ്.

(ബി) കർമ്മസേനയുടെ ചുമതലകൾ.—(i) നദികൾ, പുഴകൾ, കായലുകൾ, തടാകങ്ങൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, മറ്റ് ശുദ്ധജല സ്രോതസ്സുകൾ എന്നിവയുടെ മലിനീകരണം തടയുന്നതിനും ഭൂഗർഭജല തോത് താഴ്ന്നുപോകാതെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക ;

(ii) ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ബഹുജനപങ്കാളിത്തത്തോടെ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക ;

(iii) വകുപ്പ് 3 (ബി) (i), 3 (ബി) (ii) പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും ബന്ധപ്പെട്ട ഏജൻസികളുടെയും വിവിധ പ്രോജക്ടുകളും ഫണ്ടുകളും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. ശുദ്ധജലം ലഭിക്കുന്നതിനുള്ള അവകാശം.—സംസ്ഥാനത്തെ ഓരോ കുടുംബത്തിനും ദിനംപ്രതി ചുരുങ്ങിയത് 1000 ലിറ്റർ ശുദ്ധജലം ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. ആയത് വകുപ്പ് (3) പ്രകാരമുള്ള നടപടികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

5. ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ.—(1) ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) സെക്രട്ടറി/കർമ്മസമിതി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ 3, 4 വകുപ്പുകൾ അനുസരിച്ചുള്ള നടപടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതാണ് ;

(2) ജില്ലാ കളക്ടർമാർ ആറ് മാസത്തിലൊരിക്കൽ 3, 4 വകുപ്പ് പ്രകാരമുള്ള നടപടികൾ വിലയിരുത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

6. വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിന് സർക്കാർ സഹായം.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവുകളും ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല ;

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

7. ശിക്ഷ.—ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനം 3, 4 വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി ബോധ്യപ്പെടുന്നപക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി/ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും പ്രതിദിനം 500 രൂപ നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് ;

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ശുദ്ധജല സ്രോതസ്സുകൾ അനിയന്ത്രിതമായി മലിനീകരിക്കപ്പെടുകയും ജലജന്യ സാംക്രമിക രോഗങ്ങൾ പടരുകയും കുടിവെള്ളക്ഷാമം രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ശുദ്ധജല സ്രോതസ്സുകൾ യഥാവിധി സംരക്ഷിക്കുന്നതിനും ഓരോ പൗരനും നിത്യോപയോഗത്തിനാവശ്യമായ ശുദ്ധജല ലഭ്യത അവകാശമാക്കി തീർക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

വൈഷമ്യങ്ങൾ നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക/അടിസ്ഥാന സൗകര്യ/സാങ്കേതിക സഹായം നൽകേണ്ടതാണ്. ഇതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കഴിഞ്ഞാൽ മാത്രമേ കൃത്യമായ സാമ്പത്തികബാധ്യത തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എങ്കിലും അനാവർത്തക ചെലവിനത്തിൽ ഏകദേശം 10 കോടി രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ 8(1) വകുപ്പ് പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുവാനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ആർ. രാജേഷ്, എം. എൽ. എ.